
Monthly Price: 4 Year: 2011



## മനുഷ്യന്റെ ആത്മാവിന്റെ വഴികൾ-സഭാപ്രസംഗി 12: 7

**നമ്മുടെ ആത്മാവ് ദൈവത്തിൽ നിന്നു വരുന്നു.**
**എബ്രായർ 12.9**

അവന്റെ രൂപത്തിൽ നമ്മുടെ ആത്മാവിനെ മെനഞ്ഞിരിക്കുന്നു-1കൊരിന്ത്യർ 15:49

ആദാമിൽനിന്നും എല്ലാവരും വന്നു-പ്രവൃത്തി.17:26
നാം അവനെ പോലെയാകുന്നു.

↓

ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു-1കൊരിന്ത്യർ 13:11
ദൈവരാജ്യം അങ്ങനയുള്ളവരുടേതല്ലോ.
ലൂക്കൊസ് 18:16.

↓

ആത്മാവിന്റെ പക്വതാ നടപടി (മനസ്, ഹൃദയം, മനസാക്ഷി) ശരീരത്തിന്റേയും.

പാപം ആത്മീയ മരണത്തെ കൊണ്ടുവരുന്നു-
റോമർ 5:12

നന്മതിന്മകളെകുറിച്ചുള്ള അറിവു എല്ലാവരിലും ഉള്ളതുകൊണ്ട് നാമെല്ലാം പാപം ചെയ്യുന്നു- ഉല്പത്തി. 3:22; 1കൊരിന്ത്യർ 15:22; റോമർ 3:23

ഈ സമയത്ത് രണ്ട് പോയിന്റ്:

1. തിന്നുവാനും കുടിക്കുവാനും ആനന്ദിക്കുവാനും തുടങ്ങുന്നു 1കൊരിന്ത്യർ 15:32. — മോശം

   ഫലം: റോമർ 1:18-22; എഫേസ്യർ 4:17-19.
   1കൊരിന്ത്യർ 6:9,10
2. പ്രവൃത്തി 2:38; 1കൊരിന്ത്യർ 6:11

**പുതിയ ജനനം**
**1പത്രോസ് 1:22, 23**

ദൈവവചനം കേൾക്കുന്നു അത് വിശ്വസിക്കുന്നു
റോമർ 10:13-15

↓

മാനസാന്തരപ്പെട്ട് പുതിയ നിയമത്തെ സ്വീകരിക്കുന്നു-
പ്രവൃത്തി. 3:19;
എബ്രായർ 8:10-12

↓

യേശുവിനോടുചേരുവാൻ സ്നാനം ഏല്ക്കുന്നു- പ്രവൃത്തി. 8:34-39; റോമർ 6:5-11.

↑

കഴുകുന്നു, വിശുദ്ധീകരിക്കുന്നു, നീതീകരിക്കപ്പെടുന്നു

# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000
**Published by Church of Christ**
**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 26** **August 2011** **No.5**

# എഡിറ്റോറിയൽ

നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഒന്നാണ് പെൺവാണിഭവും പീഡനവും. എന്താണ് ഇതിനു കാരണം എന്നും യഥാർത്ഥ പ്രതിവിധി എന്താണെന്നും നാം മനസിലാക്കാതെ വിട്ടുകളയരുത്. അത് ഒറ്റപ്പെട്ട സംഭവമായി തള്ളിക്കളയുകയുമരുത്. മതഭേദമെന്യെ എല്ലാ മേഖലയിലും ഇത് കാണപ്പെടുന്നുണ്ട്. വിദ്യാലയവുമായി ബന്ധപ്പെട്ടും, ജോലി സ്ഥാപനങ്ങളിലും വാഹനങ്ങളിലുമെല്ലാം ദിവസവും നടക്കുന്ന വാർത്തയാണിത്. സദാചാരബോധം നഷ്ടപ്പെട്ടതുകൊണ്ടാണോ അതോ വിദ്യാഭ്യാസത്തിന്റെ കുറവുകൊണ്ടാണോ ഈ രോഗം മനുഷ്യനെ ബാധിച്ചിരിക്കുന്നത്? മതങ്ങളും മതാദ്ധ്യക്ഷന്മാരും ഇതിനെ കുറിച്ച് എന്തു നിലപാടെടുക്കുന്നു? നിരവധി ചോദ്യങ്ങൾ നമുക്ക് ചോദിക്കാം. എന്നാൽ ആധികാരികമായി ദൈവത്തിന്റെ അരുളപ്പാടുകളെയാണ് നാം അംഗീകരിക്കേണ്ടത്. മനുഷ്യർ മുകളിൽ പറഞ്ഞ ചോദ്യങ്ങൾക്കെല്ലാം പല രീതിയിലുള്ള ഉത്തരങ്ങളായിരിക്കും നൽകുക. പുരുഷനേയും സ്ത്രീയേയും ദൈവമാണ് സൃഷ്ടിച്ചത്. സൃഷ്ടിച്ചപ്പോൾ തന്നെ ചില വാസനകളോടുകൂടെയാണ് നമ്മെ ഈ ഭൂമിയിലാക്കിയത്.

ദൈവം എന്തുദ്ദേശത്തിനുവേണ്ടിയാണ് മനുഷ്യനെ ഈ ഭൂമിയിലാക്കിയത് എന്ന് നാം തിരിച്ചറിയണം. അത് നമുക്ക് ചുരുക്കി മുഖ്യമായ രണ്ടുദ്ദേശങ്ങളാണെന്ന് കാണാം. ഒന്ന് ദൈവത്തെ അനുസരിച്ച് ആരാധിച്ച് അവനെ മഹത്വപ്പെടുത്തി ജീവിക്കുക. രണ്ട്, സന്താനപുഷ്ടിയുള്ളവരായി തീരുക. ഈ കല്പനകൾ നാം പ്രമാണിച്ച് ജീവിക്കുമ്പോൾ നമുക്ക് നമ്മുടെ ജന്മവാസനകളെല്ലാം നിറവേറ്റുവാൻ കഴിയും. പുരുഷനും സ്ത്രിക്കും ലൈംഗികവാസന ജന്മസിദ്ധമായിട്ടുള്ളതാണ്. അത്

തെറ്റല്ല.. അത് നിറവേറ്റുവാൻ ദൈവം വിവാഹജീവിതം നിശ്ചയിച്ചിട്ടുണ്ട്. വിവാഹബന്ധത്താലല്ലാതെയുള്ള ലൈംഗികബന്ധം പാപമാണ് എന്ന് ദൈവം കൽപിച്ചിരിക്കുന്നു. പണത്തിനുവേണ്ടി ലൈംഗികതയെ ഉപയോഗിക്കുന്നവരുണ്ട്. അത് അവരെ മാനസികമായും ശാരീരികമായും ബാധിക്കും എന്നോർക്കുക. ആഡംബരഭ്രമമാണ് അവരെക്കൊണ്ട് അങ്ങനെ ചെയ്യിക്കുന്നത്. അവിഹിതമായ മാർഗത്തിൽ പണം സമ്പാദിക്കുന്ന സ്ത്രീയായാലും പുരുഷനായാലും അത് കുഴപ്പം ചെയ്യും. ബൈബിളിൽ ദൈവം പറഞ്ഞിരിക്കുന്നത് ഉൺമാനും ഉടുപ്പാനും ഉണ്ടെങ്കിൽ അതു മതി എന്നാണ്. അതിനപ്പുറം ആഗ്രഹിക്കുന്നത് അത്യാഗ്രഹമാണ്. അത്യാഗ്രഹികളാണ് ഇത്തരം വാണിഭത്തിന് മുതിരുന്നത്. അമിതമായ ധനം കയ്യിൽ വരുമ്പോൾ അനാവശ്യമായ പലതും ചെയ്യുവാൻ ആളുകൾ തയ്യാറാകും.

ഇനി നമുക്ക് പീഡനസംഭവങ്ങളിലേക്ക് തിരിയാം. കൊച്ചുകുട്ടികളെയും പീഡിപ്പിക്കുന്നവരുണ്ട്, അവർ പല സ്വഭാവക്കാരാണ്. ഈ സ്വഭാവം കാണുന്നത് കുട്ടികളിലാണെങ്കിൽ, അവർ വളരുന്ന സാഹചര്യമായിരിക്കാം അവരെ ഇത്തരം വൈകൃതമനോഭാവത്തിലേക്ക് തിരിച്ചുവിടുന്നത്. കുട്ടികളെ മാതാപിതാക്കൾ നല്ല അന്തരീക്ഷത്തിൽ വേണം വളർത്തുവാൻ. ദൈവഭയത്തിൽ വേണം കുട്ടികളെ വളർത്തുവാൻ. അതല്ല ആളുകൾ ചെയ്യുന്നത് അവരെ സമൂഹത്തിൽ ഉയർന്ന നിലവാരത്തിൽ സാമ്പത്തിക ഉയർച്ചയിലെത്തിക്കുവാനാണ് ശ്രമിക്കുന്നത്. അവിടെ അവർ പരാജയപ്പെടും. കുട്ടികളെ ആത്മീയപരിജ്ഞാനത്തിലാണ് വളർത്തേണ്ടത്. നന്മയുടെ നല്ല ഫലങ്ങളെയും തിന്മയുടെ മോശമായ ഫലങ്ങളേയും കുട്ടികളെ പഠിപ്പിക്കണം. അല്ലാതെ മറ്റെന്തുചെയ്താലും ഇതിനു പരിഹാരം കാണാവുന്നതല്ല.

ഭൗതികജീവിതം നയിക്കുന്ന നാം ഓരോരുത്തരും ശരീരത്തിലാണ് ജീവിക്കുന്നത്. പക്ഷെ എല്ലാവരും തിരിച്ചറിയേണ്ടത്, നമ്മിൽ ഓരോ ആത്മാവ് ഉണ്ട് എന്ന കാര്യമാണ്. വിശുദ്ധവും നിഷ്ക്കളങ്കവുമായി എല്ലാവരും ജീവിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. പരിശുദ്ധനായ ദൈവത്തെ പ്രസാദിപ്പിക്കുവാൻ നാം കടപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് വചനത്തിൽ പറഞ്ഞിരിക്കുന്ന യാഥാർത്ഥ്യം എന്തെന്നാൽ എല്ലാവരും ദൈവത്തെ ഭയന്ന് അവന്റെ കല്പനകൾ പ്രമാണിക്കുക. അതാണ് ജീവിതത്തിന്റെ സാരം.

✶

# മഹാന്യായവിധി

## J.C. ചോട്ട്

നമ്മുടെ നാട്ടിലെ കോടതികൾ നമുക്കു ഏവർക്കും സുപരിചിതമാണ്. ഭരണ ഘടന ലംഘിക്കുന്നവർ ശിക്ഷാർഹരാണ്. നിയമം ലംഘിക്കുന്നവർ ശിക്ഷാർഹരാണ്. നിയമം ലംഘിച്ചു പ്രവർത്തിക്കുന്നവർ നിയമപരമായി കേസെടുത്തു കോടതിയിൽ വിചാരണ ചെയ്യപ്പെടും. ജഡ്ജിയുടെ അടുക്കൽ വിധിക്കായി അവസാനം വരും. സ്ത്രീ ആയാലും പുരുഷനായാലും ഏതെങ്കിലും വിധത്തിൽ കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടാകും. കോടതിയിൽ നിന്നും എപ്പോഴും നീതി കിട്ടിയിരിക്കണമെന്നില്ല എന്നതു വാസ്തവമാണ്.

ഭാവിയിൽ എന്നെങ്കിലും ഒരു ദിവസം ദൈവം വെച്ചിരിക്കുന്ന മഹാന്യായവിധിയെ കുറിച്ചു അത്ര സുപരിചിതമായിരിക്കാനിടയില്ല. ചിലർ അതു മനസിലാക്കിയിരിക്കും. പക്ഷെ ഭൂരിഭാഗം പേരും അതിനെ ഗൗരവമായി കണക്കാക്കിയിരിക്കയില്ല. അറിയാത്തവർക്കും അതിനെക്കുറിച്ച് കൂടുതൽ അറിയണമെന്നു ആഗ്രഹിക്കുന്നവർക്കും ഇതു പ്രയോജനപ്പെടും. കാരണം ന്യായവിധി നേരിടുവാൻ ഒരുക്കം ആവശ്യമാണ്. തയ്യാറായിരുന്നാൽ അതിനെക്കുറിച്ച് ഉൽക്കണ്ഠപ്പെടേണ്ടതില്ലല്ലോ. അതിലേക്കായി ദയവുചെയ്ത് താഴെ കൊടുത്തിരിക്കുന്ന ചില ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും ശ്രദ്ധയോടെ വായിച്ചാൽ ന്യായവിധി നാളിലേക്കു ഒരുങ്ങുവാൻ അതു നമ്മെ സഹായിക്കും.

### 1. എപ്പോഴാണ് മഹാന്യായവിധിനാൾ സംഭവിക്കുന്നതു?

ന്യായവിധിക്കു മുൻപു ഏതാനും കാര്യങ്ങൾ തീർച്ചയായും സംഭവിക്കും. പക്ഷെ അവയെല്ലാം എപ്പോൾ നടക്കുമെന്നു നമുക്കു ആർക്കും അറിഞ്ഞുകൂടാ. ഉദാഹരണമായി, ന്യായവിധിക്കു മുൻപു കർത്താവു വീണ്ടും വരേണ്ടിയിരിക്കുന്നു. തന്റെ ശിഷ്യന്മാരോടു അവൻ വീണ്ടും വരുമെന്നു പറഞ്ഞിരുന്നു (യോഹന്നാൻ 14:1-3). എന്നാൽ അവന്റെ വരവിന്റെ തീയ്യതി അവൻ അറിയിച്ചിട്ടില്ല. കള്ളൻ രാത്രിയിൽ വരുമ്പോലെയായിരിക്കും അവന്റെ വരവു എന്നു പറഞ്ഞിട്ടുണ്ട്. "കർത്താവിന്റെ ദിവസമോ കള്ളനെ പോലെ വരും"

(2പത്രൊസ് 3:10). അതായതു യേശുവിന്റെ രണ്ടാം വരവു അറിയിക്കാതെ പെട്ടെന്നായിരിക്കും. മാത്രമല്ല, അവൻ വരുമ്പോൾ ആകാശം കൊടുമുഴക്കത്തോടെ ഒഴിഞ്ഞു പോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തു പോകയും ചെയ്യും. അതുപോലെ അവന്റെ വരവിങ്കൽ സംഭവിക്കുന്ന മറ്റൊരു കാര്യവും മുന്നറിയിച്ചിട്ടുണ്ട്. "ഇതിങ്കൽ ആശ്ചര്യപ്പെടരുതു; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴികവരുന്നു (യോഹന്നാൻ 5: 28,29). കർത്താവു വരുമ്പോൾ നീതിമാന്മാരായി ജീവിക്കുന്നവർ രൂപാന്തരപ്പെട്ടു മേഘങ്ങളിൽ എടുക്കപ്പെട്ടു എന്നേക്കും കർത്താവിനോടുകൂടെ വസിക്കും (1തെസലോനിക്യർ 4:16,17).

## 2. ആരൊക്കെ അവിടെ ഉണ്ടാകും?

അവിടെ എത്തും മുമ്പ് മരിച്ച എല്ലാവരും ജീവിച്ചിരുന്നവരായിരുന്നല്ലോ. നീതി കെട്ടവരും നീതിമാന്മാരും ന്യായവിധി നാളിൽ ഉണ്ടാകും. പൗലൊസ് പറഞ്ഞിരിക്കുന്നതു നാമെല്ലാം ന്യായ വിസ്താര സഭയുടെ മുൻപാകെ ചെല്ലേണ്ടതാണു എന്നാണു (റോമർ 14:10).

## 3. ന്യായാധിപതി ആരായിരിക്കും?

ക്രിസ്തു തന്നെയായിരിക്കും ന്യായവിധി നടത്തുന്നതു (യോഹന്നാൻ 5:24; പ്രവൃത്തി 17:30,31). അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു(2കൊരിന്ത്യർ 5:10).

## എങ്ങനെ ആയിരിക്കും ന്യായവിധി?

അവന്നു എല്ലാവരേയും അറിയാം; എല്ലാം അറിയാം. നാം എന്തെല്ലാം ചിന്തിച്ചിട്ടുണ്ട്, എങ്ങനെ എല്ലാം പെരുമാറിയിട്ടുണ്ട്; ആരോടു എങ്ങനെയെല്ലാം സംസാരിച്ചിട്ടുണ്ട്; എന്നെല്ലാം കർത്താവ് അറിയുന്നവനാണ്. പക്ഷഭേദം കൂടാതെയായിരിക്കും അവൻ വിധി നടത്തുക; മനുഷ്യരുടെ ആരുടേയും മുഖം നോക്കുകയില്ല. യഹൂദന്മാരെയും ജാതികളെയും യവനന്മാരെയും എല്ലാം മുഖം നോക്കാതെ വിധിക്കാൻ കഴിവുള്ളവനാണ് കർത്താവ് (പ്രവൃത്തി

10:34). ദൈവത്തിന്റെ പക്കൽ മുഖപക്ഷമില്ല എന്നു പൗലൊസ് റോമർക്കു ലേഖനമെഴുതിയപ്പോൾ പറഞ്ഞിട്ടുണ്ട് (റോമർ 2:11). സത്യ പ്രകാരം, നീതിപൂർവ്വം നടത്തുന്ന വിധിയുടെ മാനദണ്ഡം കർത്താ വിന്റെ വചനം തന്നെയാണു (യോഹന്നാൻ 12:48).

## ന്യായവിധിക്കുശേഷം എന്തു?

അവസാന നാളിലെ ന്യായവിധി എന്നതു ആത്മാക്കളെ വേർതി രിക്കുന്ന സമയമാണല്ലോ. ദൈവേഷ്ടപ്രകാരം ജീവിച്ചവർ പിതാ വിനാൽ അനുഗ്രഹിക്കപ്പെട്ടവരാണ്. എന്നാൽ ദുഷ്ടത പ്രവർത്തി ച്ചവർ നിത്യദണ്ഡനത്തിലേക്കു പോകും; കാരണം അവർ ശപിക്ക പ്പെട്ടവരാണ്. മരണശേഷം രണ്ടാമതു ഒരവസരം ഇല്ല. ന്യായവി ധിക്കു ശേഷം എവിടെ പോകണമെന്നു തീരുമാനിക്കാൻ ഇപ്പോൾ അവസരമുണ്ട്. അവസാന നാളിലെ വേർപിരിക്കൽ, നിത്യമായ ഒന്നാ ണ്. ആത്മാവു ഒന്നുകിൽ സ്വർഗ്ഗത്തിൽ എന്നേക്കും വസിക്കും; അല്ലെങ്കിൽ നരകത്തിൽ എന്നേക്കും യാതന അനുഭവിക്കും.

എന്റെ സ്നേഹിതരേ, നിങ്ങൾ ന്യായവിധി ദിവസത്തേക്കു ഒരു ങ്ങിയിട്ടുണ്ടോ? നിങ്ങളുടെ ജീവിതത്തിൽ ചെയ്തിട്ടുള്ളതും പറ ഞ്ഞിട്ടുള്ളവക്കും എല്ലാം കണക്കു തീർക്കേണ്ട ആ ദിവസത്തിനായി നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ? നന്നു, വരുവിൻ എന്നു പറയുന്നതു കേൾക്കാനാണോ അതോ അധർമ്മം പ്രവർത്തിച്ചവരേ എന്നെ വിട്ടു പോകുവിൻ എന്നു പറയുന്നതു കേൾക്കാനാണോ നിങ്ങൾ ആഗ്ര ഹിക്കുന്നതു? ഇപ്പോൾ നാം തീരുമാനിക്കുന്നതും ഒരുങ്ങുന്നതും ആസ്പദമായിട്ടാണ് നമ്മുടെ ലക്ഷ്യസ്ഥാനം ഉറപ്പിക്കുന്നത്. ഞാൻ എവിടെ എത്തിച്ചേരണമെന്നു തീരുമാനിക്കുന്നതു ഞാൻ തന്നെ യാണെന്നർത്ഥം. അതിനു മറ്റാരെയും പഴിച്ചിട്ടു കാര്യമില്ല.

ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും നമ്മെ രക്ഷി ക്കുന്നതിനു വേണ്ടിയാണ് ദൈവം തന്റെ പുത്രനെ ഭൂമിയിലേക്കു അയച്ചതും ക്രൂശിൽ മരിപ്പാൻ അനുവദിച്ചതും. നാം അവനിൽ വിശ്വ സിക്കുന്നു എങ്കിൽ, പാപങ്ങളിൽ നിന്നു തിരിഞ്ഞു മാനസാന്തരപ്പെ ടുന്നു എങ്കിൽ, യേശു ദൈവപുത്രനെന്ന് ഏറ്റു പറയുന്നു എങ്കിൽ, പാപ മോചനത്തിനായി സ്നാനമേൽക്കുന്നു എങ്കിൽ കർത്താവു നമ്മെ രക്ഷിക്കയും അവന്റെ സഭയോടു ചേർക്കുകയും ചെയ്യും (മർക്കൊസ് 16:16; പ്രവൃത്തി 2:38; 3:47; റോമർ 10:10;). മരണത്തോളം

വിശ്വസ്തജീവിതം നയിച്ചാൽ ജീവകിരീടം നല്കാമെന്ന വാഗ്ദാനമുണ്ട് (വെളിപ്പാട് 2:10). പിന്നെ എന്നേക്കും ദൈവവുമായി വസിക്കും. നാം വിശ്വസിക്കുകയോ, മാനസാന്തരപ്പെടുകയോ, കർത്താവിനെ ദൈവപുത്രനെന്നു ഏറ്റു പറയുകയോ സ്നാനമേൽക്കുകയോ ചെയ്യാതിരുന്നാൽ അവൻ നമ്മെ രക്ഷിക്കുകയോ, തന്റെ സഭയോടു ചേർക്കുകയോ ചെയ്കയില്ല. അങ്ങനെ നാം മരിക്കുകയാണെങ്കിൽ എന്നേക്കും നഷ്ടപ്പെട്ടു നിത്യ ദണ്ഡനത്തിലേക്കു തള്ളപ്പെടും (മത്തായി 7:21-23; 7:13,14). തീരുമാനം എന്റേതും നിങ്ങളുടേതും ആയിരിക്കും. നമ്മളെല്ലാം ന്യായാധിപ സംഘത്തിന്റെ മുമ്പിൽ നില്ക്കണം. കർത്താവിന്റെ ന്യായവിധി നാളിനായി നിങ്ങൾ ഒരുക്കമുള്ളവരായി തീരുവാൻ ദൈവം സഹായിക്കട്ടെ.

✶

# ദൈവ കൃപയോടുള്ള പ്രതികരണം

ചാൾസ്. ബി.

ദൈവത്തിൽ നിന്നു ലഭിക്കുന്ന ഉപകാരങ്ങൾ അനവധിയാണ്. ദൈവ കൃപ നമുക്കു കിട്ടുവാനായി നമ്മിൽ യാതൊരു യോഗ്യതയുമില്ല. അനർഹമായി കിട്ടുന്ന ഒന്നാണ് കൃപ. തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യത്തോടെയാണ് ദൈവം നമ്മെ സൃഷ്ടിച്ചതു. മനുഷ്യൻ ഒരു യന്ത്രമല്ല. തികച്ചും ഓരോരുത്തർക്കും സ്വതന്ത്രമായി ചിന്തിച്ചു തിരഞ്ഞെടുക്കാവുന്ന പലതും നമ്മുടെ ജീവിതത്തിൽ ഉണ്ട്. ഏതു തരത്തിലുള്ള തിരഞ്ഞെടുപ്പാണ് നിങ്ങൾ നടത്തുന്നത്? ദൈവത്തെയാണോ സാത്താനെയാണോ നിങ്ങൾ സ്വീകരിച്ചിരിക്കുന്നതു? ദൈവ വചനത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്നതു ശ്രദ്ധയോടെ വായിക്കുക. "ഇതാ, ഞാൻ ഇന്നു അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെക്കുന്നു. ഇന്നു ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്ന

നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകൾ നിങ്ങൾ അനുസരിക്കുന്നു എങ്കിൽ അനുഗ്രഹവും നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകൾ അനുസരിക്കാതെ ഇന്നു ഞാൻ നിങ്ങളോടു കല്പിക്കുന്ന വഴിയെ വിട്ടുമാറി നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത അന്യ ദൈവങ്ങളുടെ പിന്നാലെ നിങ്ങൾ ചെല്ലുന്നു എങ്കിൽ ശാപവും വരും" (ആവർത്തനം 11:26,27).

ക്രിസ്ത്യാനിയായി തീരുവാൻ ഒരാൾ ക്രിസ്തുവിന്റെ വചനം കേൾക്കണം (റോമർ 10:17). ക്രിസ്തുവിൽ വിശ്വസിക്കയും വേണം. മാനസാന്തരപ്പെടണം (പ്രവൃത്തി 2:38). ക്രിസ്തു ദൈവ പുത്രനാണെന്നു ഏറ്റു പറയണം (മത്തായി 10:32). സ്നാനമേറ്റു പാപങ്ങളെ കഴുകി കളയുവാനും ദൈവം കല്പിച്ചിട്ടുണ്ട് (പ്രവൃത്തി 22:16). സുവിശേഷം അനുസരിക്കുമ്പോൾ ദൈവ കൃപയാലത്രെ അവൻ നിങ്ങളേയും എന്നേയും രക്ഷിക്കുന്നത്. പരിവർത്തന ശേഷം ദൈവത്തോടും വചനത്തോടും വിശ്വസ്തത പുലർത്തി മരണത്തോളം ജീവിക്കണം. നിത്യജീവൻ തരുന്ന ദൈവ കരുണക്കായി നാം കാത്തിരിക്കണം ദൈവ കരുണയും ദയയും കൃപയും എല്ലാ മനുഷ്യർക്കും അവൻ കൊടുപ്പാൻ ആഗ്രഹിക്കുന്നു. പക്ഷെ നമ്മൾ ഓരോരുത്തരുമാണ് അതു സ്വീകരിക്കേണ്ടത് (യൂദാ 21).

ക്രിസ്ത്യാനിത്വത്തിന്റെ മർമ്മമാണു ദൈവ കൃപ. എഫെസ്യയിലുള്ള ക്രിസ്ത്യാനികൾക്കു ലേഖനമെഴുതുമ്പോൾ അപ്പോസ്തലനായ പൗലോസ് പറയുന്നതു കൃപയാലല്ലോ വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നത്: അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല. നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തിക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തു പോരേണ്ടതിനു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു (എഫെസ്യർ 2:8-10).

## ദൈവത്തിനു നമ്മോടുള്ള തോന്നൽ വെളിപ്പെടുത്തുന്നതാണു കൃപ

സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം ദൈവം സ്നേഹമാകുന്നു (1യോഹന്നാൻ 4:8). ദൈവം സ്നേഹമായതിനാൽ അവൻ നമ്മെ നോക്കുന്നതു ആ കണ്ണു കൊണ്ടായിരിക്കും

എന്നോർക്കുക. ദൈവത്തിന്റെ കൃപ മനുഷ്യർക്കു കിട്ടുവാനായി നമ്മിൽ യാതൊരു യോഗ്യതയുമില്ല. യോഗ്യത കൂടാതെ നല്കുന്ന ഒരു ദൈവദാനത്തെ നമുക്കു കൃപയെന്നു വിളിക്കാം. കൃപഎന്നതു ദൈവത്തിൽ നിന്നു വരുന്നതാണ്.

നാം നമ്മുടെ അകൃത്യങ്ങളിലും പാപങ്ങളിലും ജീവിച്ചിരുന്നപ്പോൾ നമ്മുടെ ആ സാഹചര്യങ്ങൾ ഒന്നും നോക്കാതെയാണു ദൈവം തന്റെ പുത്രനായ യേശുവിനെ മരിപ്പാൻ അനുവദിച്ചതു. "നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നേ ക്രിസ്തു തക്ക സമയത്തു അഭക്തർക്കു വേണ്ടി മരിച്ചു. നീതിമാനു വേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം. ഗുണവാനു വേണ്ടി പക്ഷെ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു (റോമർ 5:6-8). നമുക്കു അനർഹമായതു തന്നു നമ്മെ തൃപ്തിപ്പെടുത്തുന്ന സർവ്വ ശക്തനാണ് ദൈവം. നരക യാതനയാണു നാം അനുഭവിക്കേണ്ടതു. എന്നാൽ നമ്മെ രക്ഷിപ്പാനായി ദൈവത്തിനു കൃപ തോന്നി. ദൈവ കൃപയാൽ ദൈവത്തിൽ നിന്നു കിട്ടുന്ന അറിവാണ് എല്ലാവർക്കും അവശ്യം.

നമ്മുടെ പാപങ്ങൾ നമ്മെ ദൈവത്തിൽ നിന്നകറ്റുന്നു. രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല; കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളേയും നിങ്ങളുടെ ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നതു, നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറെക്കുമാറാക്കിയത് (യെശയ്യാവ് 59:1,2). യേശു ഈ ലോകത്തിൽ വന്നതും പ്രവർത്തിച്ചതുമെല്ലാം പാപികളെ രക്ഷിക്കുന്നതിനു വേണ്ടിയായിരുന്നു. പഴയ നിയമത്തിൽ നിന്നു വ്യത്യസ്തമായി പുതിയനിയമത്തിൽ ക്രിസ്തു മുഖാന്തിരമാണ് നമ്മെ രക്ഷിക്കുന്നത്. കൃപയും സത്യവും യേശുക്രിസ്തു മൂലമാണ് നമുക്കു കിട്ടുന്നതു. പാപികളോടു കൂടെ നടന്ന യേശു അവരെ സ്നേഹിച്ചു. എന്നാൽ അവരെ രക്ഷിക്കുന്നതിനു വേണ്ടി പ്രവൃത്തിച്ചതു ക്രിസ്തുവാണ്. നാം അതിന്റെ ഫലം അനുഭവിക്കുകയാണ്. അതിനുള്ള യാതൊരു യോഗ്യതയും നമ്മിൽ ഇല്ലായിരുന്നു.

**ദൈവത്തിനു നമ്മോടുള്ള പ്രവൃത്തിയെ കൃപ വിശദമാക്കുന്നു.**

ദൈവത്തിന്റെ രക്ഷാ പദ്ധതി നടപ്പിൽ വരുത്തുന്നതു അവന്റെ കൃപയാലത്രേ. കൃപയും സത്യവും യേശുക്രിസ്തു മൂലമാണ് മനുഷ്യരിലേക്കു പകരുന്നതു. ന്യായപ്രമാണം മോശെ മുഖാന്തരം വന്നു എങ്കിൽ കൃപയും സത്യവും യേശു മുഖാന്തരം വന്നു (യോഹന്നാൻ 1:17). രക്ഷക്കായുള്ള ദൈവകൃപ എല്ലാവർക്കും ആയിട്ടുള്ളതാണ്. സകല മനുഷ്യർക്കും രക്ഷാകരമായ ദൈവ കൃപ ഉദിച്ചുവല്ലോ (തീത്തൊസ് 2:11). കൃപ നമുക്കു ദൃശ്യമാകുന്നതു ക്രൂശിലാണ്, പാപം എന്തെന്നു അറിയാത്തതുപോലെ ജീവിച്ച പാപമില്ലാത്ത യേശുവിനെയാണു ക്രൂശിൽ തൂക്കി കൊന്നത്. അവൻ ദൈവത്തിനു നീതിയാകേണ്ടതിന്നാണു ദൈവം അതു ചെയ്തതു (2കൊരിന്ത്യർ 5:21). യേശു മരിച്ചതു നാം ജീവിക്കേണ്ടതിനാണു. പാപങ്ങൾക്കു വേണ്ടി അവൻ കഷ്ടം അനുഭവിച്ചതു നമ്മുടെ പാപങ്ങൾ നിമിത്തം നാം നിത്യ നാശം അനുഭവിക്കാതിരിപ്പാനായിരുന്നു. അതാണ് ദൈവത്തിന്റെ അത്ഭുതകരമായ കൃപ.

ബൈബിൾ വായിക്കുവാനായി നാം കയ്യിലെടുക്കുമ്പോൾ തന്നെ കൃപ ഓർമ്മവരും. കാരണം ബൈബിൾ കൃപയുടെ വചനമാണ്. പൗലൊസും അവന്റെ കൂട്ടാളികളും പ്രസംഗിച്ചതു കൃപയുടെ വചനമായിരുന്നു. എന്നാൽ അവർ വളരെക്കാലം അവിടെ പാർത്തു, കർത്താവിൽ ആശ്രയിച്ചു പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചുകൊണ്ടിരുന്നു; അവൻ തന്റെ കൃപയുടെ വചനത്തിനു സാക്ഷിനിന്നു (പ്രവൃത്തി 14:3). പൗലൊസ് വിട്ടു പോകുമ്പോൾ ക്രിസ്ത്യാനികളെ ഭരമേല്പിച്ചതു കൃപയുടെ വചനത്തിലാണ് (പ്രവൃത്തി 20:32). മനുഷ്യർക്ക് ദൈവം ഒരുക്കിയ രക്ഷ അവന്റെ കൃപയാലാണ് എന്നത് നമ്മെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ളതാണ്. കാരണം നമുക്കു നേടിയെടുക്കാൻ പറ്റാത്തതാണ് നമ്മുടെ ആത്മ രക്ഷ. അതുകൊണ്ട് കൃപ പെരുകേണ്ടതിന്ന് പാപം ചെയ്തുകൊണ്ടിരിക്കരുത്

✶

# യേശുവിന്റെ പ്രാർത്ഥനാ ജീവിതം

## ഹ്യൂഗോ മക്കാർഡ്

പ്രാർത്ഥനക്കു പ്രാമുഖ്യം കൊടുത്തിരുന്ന ജീവിതമായിരുന്നു യേശുവിന്റേതു. അവൻ സ്നാനമേറ്റു പ്രാർത്ഥിക്കുന്നുണ്ട് (ലൂക്കൊസ് 3:21). അവൻ ഉച്ചത്തിലാണോ പ്രാർത്ഥിച്ചതെന്നു വ്യക്തമല്ല. രഹസ്യമായ പ്രാർത്ഥനയും സ്വർഗ്ഗത്തിൽ എത്തും എന്നതാണു വാസ്തവം. അവൻ പ്രാർത്ഥിക്കുമ്പോൾ എന്തു സംഭവിക്കുന്നു എന്നു ലൂക്കൊസ് വിശദീകരിക്കുന്നുണ്ട്. "സ്വർഗ്ഗം തുറന്നു, പരിശുദ്ധാത്മാവ് ദേഹരൂപത്തിൽ പ്രാവു എന്നപോലെ അവന്റെമേൽ ഇറങ്ങിവന്നു. നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവുമുണ്ടായി (ലൂക്കൊസ് 3:21,22).

33 വർഷത്തെ യേശുവിന്റെ ജീവിതത്തിൽ പ്രാർത്ഥിക്കാതെ കടന്നു പോയ ഒരു ദിവസം പോലും ഇല്ല എന്നു മനസിലാക്കാൻ മതിയായ തെളിവുകൾ ഉണ്ട്. നിദ്രയിൽ നിന്നുണരുന്ന സമയം മറന്നുപോകാൻ സാദ്ധ്യമല്ലാത്ത ഒന്നായിരുന്നു പ്രാർത്ഥന. യേശുവിന്റെ മനസിൽ എപ്പോഴും ഉണ്ടായിരുന്ന ഒന്നാണു പ്രാർത്ഥന. ശീമോന്റേയും അന്ത്രെയോസിന്റേയും വീട്ടിൽ ഒരു രാത്രി അതിഥിയായി കഴിഞ്ഞ യേശു അവന്റെ അമ്മായിയമ്മയുടെ ദീനത്തെ ഭേദമാക്കി (മർക്കൊസ് 1:29,30).

വൈകുന്നേരം സൂര്യൻ അസ്തമിച്ച ശേഷം അവർ സകല ദീനക്കാരെയും ഭൂതഗ്രസ്തരേയും അവന്റെ അടുക്കൽ കൊണ്ടുവന്നു. പട്ടണം ഒക്കെയും വാതില്ക്കൽ വന്നു കൂടിയിരുന്നു. നാനാവ്യാധികളാൽ വലഞ്ഞവരെ അവൻ സൗഖ്യമാക്കി. അനേകം ഭൂതങ്ങളേയും പുറത്താക്കി. അതികാലത്ത് ഇരുട്ടോടെ അവൻ എഴുന്നേറ്റു പുറപ്പെട്ടു ഒരു നിർജ്ജന സ്ഥലത്തു ചെന്നു പ്രാർത്ഥിച്ചു. ശീമോനും കൂടെയുള്ളവരും അവന്റെ പിന്നാലെ ചെന്നു. അവനെ കണ്ടപ്പോൾ

എല്ലാവരും നിന്നെ അന്വേഷിക്കുന്നു എന്നു പറഞ്ഞു. അതിനു അവൻ അവരോട് ഞാൻ അടുത്ത ഊരുകളിലും പ്രസംഗിക്കേണ്ട തിനു നാം അവിടേക്കു പോക. ഇതിനായിട്ടല്ലോ ഞാൻ പുറപ്പെട്ടു വന്നിരിക്കുന്നത് എന്നു പറഞ്ഞു (മർക്കൊസ്1:29-32).

കാണാതെ പോയവരെ തിരഞ്ഞു രക്ഷിക്കുന്നതിനു വേണ്ടിയാണ് യേശു വന്നതെങ്കിലും വ്യക്തിപരമായി അവൻ പ്രാർത്ഥനയും കഴിച്ചു വന്നു. ഒന്നിലധികം പ്രാവശ്യം അവൻ തനിച്ചു വേറിട്ടു പോയി മല മുകളിൽ ചെന്നു പ്രാർത്ഥിക്കയുണ്ടായി (ലൂക്കോസ് 6:12; മർക്കൊസ് 6:46; യോഹന്നാൻ 6:15). അഞ്ചപ്പവും രണ്ടുമീനും എടുത്തു വാഴ്ത്തി അയ്യായിരം പേരെ പോഷിപ്പിച്ചശേഷം അവൻ ഏകനായി മലമുക ളിൽ ചെന്നു പ്രാർത്ഥിച്ചു (മത്തായി 4:19-23). "എന്നാൽ അവനെ കുറിച്ചുള്ള വർത്തമാനം അധികം പരന്നു. വളരെ പുരുഷാരം വചനം കിട്ടേണ്ടതിനും തങ്ങളുടെ വ്യാധികൾക്കു സൗഖ്യം കിട്ടേണ്ടതിനും കൂടി വന്നു. അവനോ നിർജന ദേശത്തു വാങ്ങിപ്പോയി പ്രാർത്ഥി ച്ചുകൊണ്ടിരുന്നു (ലൂക്കൊസ് 15:15,16).

വ്യക്തിപരമായി രഹസ്യപ്രാർത്ഥനയിൽ ഉറ്റിരുന്ന യേശു ഒരി ക്കൽ ഒരു വ്യക്തിക്കു വേണ്ടി പ്രാർത്ഥിക്കയുണ്ടായി. "ശീമോനേ, ശീമോനേ, സാത്താൻ നിങ്ങളെ കോതമ്പുപോലെ പാറ്റേണ്ടതിനു കല്പന ചോദിച്ചു. ഞാനോ നിന്റെ വിശ്വാസം പോയ്പോകാതിരി പ്പാൻ നിനക്കു വേണ്ടി അപേക്ഷിച്ചു. എന്നാൽ നീ ഒരു സമയം തിരിഞ്ഞു വന്ന ശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിച്ചുകൊൾക (ലൂക്കൊസ് 22:31,32).

സ്വയമായി രഹസ്യ പ്രാർത്ഥനയും വ്യക്തികൾക്കു വേണ്ടിയുള്ള പ്രാർത്ഥനയും നടത്തിയിരുന്ന ക്രിസ്തു ഒരിക്കൽ പോലും ആഹാ രത്തിനു മുൻപു പ്രാർത്ഥിക്കാതിരുന്നിട്ടില്ല. ആയിരക്കണക്കിനു ആളു കൾ ഉള്ളപ്പോഴും ചുരുക്കം ചിലർ ഉള്ളപ്പോഴും അവൻ പ്രാർത്ഥിച്ചു മാത്രമേ കഴിക്കാറുള്ളു. അപ്പവും മീനും ആയാലും അതു പ്രാർത്ഥ നയോടെ മാത്രം കഴിക്കും (മത്തായി 14:19; 15:36; യോഹന്നാൻ 6:11). വീട്ടിൽ ആയാലും അങ്ങനെ തന്നെയായിരുന്നു (മത്തായി 26:26,27; ലൂക്കൊസ് 22:17-19).

നമ്മുടെ കർത്താവു വലിയവനും ശക്തിയേറിയവനുമാകുന്നു. അവന്റെ വിവേകത്തിനു അന്തമില്ല. യേശു തന്റെ ഇഹലോക വാസ

ത്തിൽ അവസാനത്തെ പെസഹപെരുന്നാൾ ആചരിച്ചശേഷം അവൻ ദൈവത്തോടു അപേക്ഷ കഴിച്ചിരുന്നു. പാപികൾക്കു രക്ഷ ഒരുക്കുന്ന ദൗത്യമായിരുന്നു യേശുവിനുണ്ടായിരുന്നത്. ദൈവ വ്യവസ്ഥ പ്രകാരം രക്തത്താലത്രെ എല്ലാം ശുദ്ധീകരിക്കുന്നതു. രക്തം കൂടാതെ വിമോചനം അസാദ്ധ്യമായിരുന്നു (എബ്രായർ 9:22).

നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥനക്കു വളരെ ഫലമുണ്ടെന്നു യേശു മനസിലാക്കിത്തന്നു (യാക്കോബ് 5:16). ഒരിക്കൽ യേശു പറഞ്ഞു: "എന്റെ ഉള്ളം മരണ വേദനപോലെ അതി ദുഃഖിതമായിരിക്കുന്നു" (മർക്കൊസ് 14:34). അനന്തരം യേശു ശിഷ്യന്മാരുമായി ഗെത്ത്ശെമന തോട്ടത്തിൽ വന്നു അവരോടു: ഞാൻ അവിടെ പോയി പ്രാർത്ഥിച്ചു വരുവോളം ഇവിടെ ഇരിപ്പിൻ എന്നു പറഞ്ഞു (മത്തായി 26:36). താൻ അവരെ വിട്ടു ഒരുകല്ലേറു ദൂരത്തോളം വാങ്ങിപ്പോയി മുട്ടുകുത്തി; പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ, എങ്കിലും എന്റെ ഇഷ്ടം അല്ല, നിന്റെ ഇഷ്ടം ആകട്ടെ എന്നു പ്രാർത്ഥിച്ചു (ലൂക്കൊസ് 22:41,42).

യേശു അനുഭവിക്കാനിരുന്ന കഷ്ടതയെയാണു പാനപാത്രമായി അവിടെ ചിത്രീകരിച്ചിരിക്കുന്നതു. ആലങ്കാരികമായി വിവിധ അർത്ഥത്തിൽ ആ വാക്കു ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ യേശുവിന്റെ കാര്യത്തിൽ അവൻ ജഡത്തിൽ സഹിക്കേണ്ടതു കഷ്ടതയും വേദനയും ആണ് (സങ്കീർത്തനം 11:6; യെശയ്യാവ് 51:17-22). പാനപാത്രം അവന്റെ ക്രൂശിലെ മരണത്തെ എടുത്തു കാണിക്കുന്നു. പിന്നെ അവൻ പ്രാണവേദനയിലായി അതി ശ്രദ്ധയോടെ പ്രാർത്ഥിച്ചു. അവന്റെ വിയർപ്പു നിലത്തു വീഴുന്ന വലിയ ചോരത്തുള്ളിപോലെ ആയി. അവൻ പ്രാർത്ഥന കഴിഞ്ഞു എഴുന്നേറ്റു ശിഷ്യന്മാരുടെ അടുക്കൽ ചെന്നു (ലൂക്കൊസ് 22:44,45).

യേശു വിയർക്കാൻ കാരണം അന്തരീക്ഷത്തിലെ ഊഷ്മാവു ആയിരുന്നില്ല. തീച്ചുടേറ്റതു കൊണ്ടുണ്ടായ ഒന്നായിരുന്നില്ല. അവന്റെ ചൂടു ഉള്ളിലായിരുന്നു. സഹിക്കാനിരുന്ന വേദന ഓർത്തു ഉറച്ച നിലവിളിയോടും പ്രാർത്ഥനയോടും കൂടിയിരുന്ന ക്രിസ്തുവിൽ നിന്നാണ് വിയർപ്പു ചോരത്തുള്ളിപോലെ ഒഴുകിയതു. അവനു ദൈവത്തോടുള്ള ഭയവും ഭക്തിയും സ്നേഹമുള്ള പിതാവു ശ്രദ്ധിക്കുക

യായിരുന്നു. യേശുവിന്റെ രക്തമല്ലാതെ പാപികളെ രക്ഷിപ്പാൻ മറ്റു മാർഗ്ഗമൊന്നും ദൈവസന്നിധിയിൽ ഇല്ലായിരുന്നു (പ്രവൃത്തി 20:28; എഫേസ്യർ 1:7). അതുകൊണ്ടു എപ്പോഴും പിതാവിന്റെ ഇഷ്ടം മാത്രം ചെയ്ത യേശുവിൽ പിതാവു പ്രസാദിച്ചു (യോഹന്നാൻ 8:29). പ്രാർത്ഥിച്ചു തീർന്ന ശേഷം യേശു ക്രൂശിനെ സഹിക്കുവാനായി പോയി (എബ്രായർ 12:2).

ക്രൂശിലെ മരണത്തോളം അവൻ അനുസരണം പഠിച്ചു തികഞ്ഞവനായി തീർന്നു. പഴയ നിയമകാലത്തു അബ്രഹാം ദൈവത്തിന്റെ പരീക്ഷണത്തെ അതിജീവിച്ചതു അനുസരണത്താലായിരുന്നു.

സ്ത്രീകൾക്കു വേണ്ടി

# ആത്മീയരാവാൻ കുട്ടികളെ പഠിപ്പിക്കൽ

## ബെറ്റി ബർട്ടൻ ചോട്ട്

തലമുറകൾക്കു മുൻപു ഉൾപ്രദേശങ്ങളിൽ വസിച്ചിരുന്നപ്പോൾ മനുഷ്യർ തങ്ങളുടെ ഉപജീവനത്തിനു കായികമായ അദ്ധ്വാനമാണ് നടത്തിയിരുന്നതു. ഭൂമിയോടു മല്ലിട്ടു അവർ ഉപജീവനം നടത്തി. സൂര്യോദയം മുതൽ സൂര്യാസ്തമയം വരെ അവർ വിയർപ്പൊഴുക്കി പ്രയത്നിച്ചിരുന്നു. പ്രാഥമികമായ ആവശ്യങ്ങളായ ആഹാരം. പാർപ്പിടം, വസ്ത്രം, എന്നീ ദിനമ്പ്രതിയുള്ള ആവശ്യങ്ങൾ നിറവേറ്റുവാൻ ആണ് അവരുടെ സമയം ഭൂരിഭാഗവും ഉപയോഗിച്ചിരുന്നത്. ഇന്നും വളരെയധികം സ്ഥലങ്ങളിൽ ആളുകൾ തങ്ങളുടെ ഭൗതിക നിലനിൽപ്പിനും ജീവിതത്തിനും വേണ്ടിയുള്ള പരിശ്രമങ്ങൾക്കാണ് അധിക സമയവും വിനിയോഗിക്കുന്നതു. ശാരീരിക ആവശ്യങ്ങൾ നിറവേറ്റേണ്ട ബദ്ധപ്പാടിലാണ് അവർ എന്നർത്ഥം.

എങ്കിലും ഓരോ ഭൗതിക ശരീരത്തിലും ജീവിക്കുന്ന ഒരു

ആത്മീയ മനുഷ്യൻ ഉൾപ്പെട്ടിരിക്കുന്നു. യഥാർത്ഥ വ്യക്തിത്വം എന്നു പറയുന്നതു ആന്തരീകമാണ്. ജീവിതകാലം മുഴുവൻ കേൾക്കു കയും ആവശ്യങ്ങൾക്കായി കേണപേക്ഷിക്കയും ചെയ്തുകൊണ്ടി രിക്കും. ആത്മീയ പോഷണത്തിനായി ദാഹിച്ചും വിശന്നും കൊണ്ടി രിക്കും. ആത്മീയമായ അതൃപ്തിയും ശൂന്യതയുമാണ് ആളുകളിൽ നിറഞ്ഞു നിൽക്കുന്നത്. ഭൗതിക ശരീരത്തെ പോറ്റിവളർത്താൻ പാടു പെടുന്നവരുടെ ആത്മീയമായ ആവശ്യങ്ങളെ അവഗണിക്കുകയാണ് ചെയ്യുന്നതു. ഇതു ഗൗരവമായി കാണേണ്ട ഒന്നാണ്.

വിവാഹം കഴിക്കയും മക്കൾ ജനിക്കയും ചെയ്യുമ്പോൾ അവ രോടു മാതാപിതാക്കൾക്കുള്ള കടമ വർദ്ധിക്കുകയാണ്. സ്വന്ത ആവ ശ്യങ്ങളോടൊപ്പം മക്കളുടെ ആവശ്യങ്ങൾ കൂടെ അറിയണം. കാരണം അവർ മാതാപിതാക്കളെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ശരീരം ആത്മാവിന്റെ ഭവനമാണ്. ശിശു അമ്മയുടെ ഉദരത്തിൽ വളരുമ്പോൾ അമ്മയാണ് കുഞ്ഞിന്റെ വീട്. കുഞ്ഞിനു വിശക്കു മ്പോൾ ആഹാരം കൊടുക്കാൻ മാതാപിതാക്കൾ തയ്യാറാവും. അതു മറക്കാറില്ല. ശ്രദ്ധയോടെ ആ കുട്ടികളുടെ ആത്മീയാവശ്യങ്ങളും നടത്തികൊടുക്കണം. അവരുടെ ആത്മീയമായ വളർച്ചക്കും പോഷ ണത്തിനും അവർ തങ്ങളുടെ രക്ഷകർത്താക്കളെയാണ് ആശ്രയി ക്കുന്നത്.

ഭൗതിക ലോകത്തിൽ ജീവിച്ചുകൊണ്ടു ആത്മീയവും ഭൗതിക വുമായ ഒരു തുലനാവസ്ഥ എങ്ങനെ സൂക്ഷിക്കാം എന്നതു ഒരു വലിയ വെല്ലുവിളി തന്നെയാണ്. ചില വീടുകളിൽ അപ്പൻ ഉപജീവ നാർത്ഥം ജോലിക്കായി ദൂരെ പോകും. അപ്പോൾ കുട്ടികളെ വളർത്തേണ്ട ജോലി അമ്മ ഏറ്റെടുത്തു നടത്തേണ്ടിവരും. മറ്റൊ രാൾ സഹായത്തിനു ഇല്ലെന്നു വരികിൽ അതു കൂടുതൽ പിരിമു റുക്കം ഉണ്ടാക്കാം. ഭൗതികമായ ഉത്തരവാദിത്വങ്ങൾ എല്ലാം ഏറ്റെ ടുത്തു നടത്തേണ്ടിവരും. കുട്ടികളെ സ്കൂളിൽ കൊണ്ടാക്കണം. അവർക്കു അതിനു മുൻപ് ആഹാരം ശരിയാക്കണം. വസ്ത്രം ധരി പ്പിക്കണം. ഇതിനിടയിൽ ബന്ധുക്കളുടെ ചടങ്ങുകളിൽ എല്ലാവരോ ടൊപ്പം സഹകരിക്കണം. അങ്ങനെ വരുമ്പോൾ ആത്മീകമായി ചിന്തി ക്കാനും പ്രവർത്തിക്കാനും സമയം അധികം കിട്ടാതെ വരുന്നു. ആകയാൽ ആത്മീക വർദ്ധനവിനു നമുക്കു ചെയ്യാവുന്ന ഏതാനും

കാര്യങ്ങൾ താഴെ പറയുന്നു.

1. കർത്താവിന്റെ സഭയിൽ അംഗമായി തീരുക.

2. ആരാധന (സഭായോഗം) ഒരിക്കലും മുടക്കാതിരിക്കുക.

3 കുടുംബമായി വേദപുസ്തകം വായിക്കുകയും പഠിക്കുകയും ചെയ്യുക.

4. ദൈവ സഹായത്തിനായി പ്രാർത്ഥനയോടെ ദിവസം ആരംഭിക്കുക.

ഇവയെല്ലാം ചെയ്യുന്ന ക്രിസ്ത്യാനികളിലും ചില കുറവുകൾ ഉള്ളതായി തോന്നാറുണ്ട്. അതു ആഴമേറിയ ആത്മീയ ഉണർവിനെ സൂചിപ്പിക്കുന്നു. ചടങ്ങുകളെ മാറ്റി നാം ജീവിക്കുന്ന വ്യക്തികളായി മാറണം. മാതാപിതാക്കൾ എന്ന നിലയിൽ ഓരോരുത്തരും വീക്ഷണം ദൈവീകമാക്കി മാറ്റണം. മക്കൾ തങ്ങളിൽ നിന്നു കണ്ടു പഠിക്കേണ്ട മാതൃകാ പരമായ ജീവിതമാണ് മാതാപിതാക്കൾ നയിക്കേണ്ടത്. പരീശന്മാരുടെ അന്നത്തെ ജീവിതത്തെ പരാമർശിച്ചു യേശു പറഞ്ഞതു: നിങ്ങൾ, അവർ പറയുന്നതു ചെയ്വിൻ : എന്നാൽ അവർ ചെയ്യുന്നതു പോലെ ചെയ്യാതിരിക്കുക(മത്തായി 23:4). കാരണം അവർ പറയുന്നതു പോലെ പ്രവർത്തിക്കുന്നില്ല. കുട്ടികൾക്കു കൊടുക്കേണ്ട ആത്മീയ നിർദ്ദേശങ്ങൾ ബാല്യത്തിൽ കൊടുത്തു തുടങ്ങണം. പരസ്പരം വിയോജിപ്പുള്ള ഉപദേശമല്ല അവർക്കു കൊടുക്കേണ്ടതു. പരസ്പരം യോജിക്കുന്ന ഐക്യ സന്ദേശമായിരിക്കണം. ദൈനന്തിന ജീവിതത്തിൽ ആത്മീയ ചിന്ത ഏതൊരാൾക്കും ഉണ്ടെങ്കിൽ അതു അവരുടെ ജീവിതത്തെ അനുഗ്രഹമാക്കും. ആത്മീയ പ്രവൃത്തിക്കു സഹായകരമായ ഏതാനും കാര്യങ്ങൾ താഴെ കൊടുക്കുന്നു.

1. വിശ്വസ്തതക്കു ചർച്ച് ബിൽഡിങ്ങിൽ പോകുന്നതിനേക്കാൾ പ്രാധാന്യം ഇല്ല?

2. ഒരാഴ്ച്ചയിൽ ആറു ദിവസവും സ്കൂളിൽ പോയി ക്ഷീണിച്ചിരിക്കുന്ന കുട്ടിയെ ഞായറാഴ്ച്ച സഭായോഗത്തിനു കൊണ്ടു പോകാൻ നിങ്ങൾ ഒരുക്കമാണോ?

3. ദിവസം ആരംഭിക്കുമ്പോഴും ആഹാരത്തിനു മുമ്പുമുള്ള പ്രാർത്ഥനകൾ വെറും വാക്കുകൾ മാത്രമാണോ?

4. ദിനം പ്രതിയുള്ള വേദപുസ്തകവായന വെറും ചടങ്ങായി

മാറിയിട്ടുണ്ടോ? അതോ മനസാക്ഷിയെ തൊട്ടുണർത്തുന്നതോ?

നമ്മുടെ കുട്ടികൾ വാസ്തവത്തിൽ ആത്മീയ നിലവാരവും വിശുദ്ധിയും ഉള്ളവരായി കാണുവാൻ ആഗ്രഹിക്കുന്നു എങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കണം.

1. കർത്താവിന്റെ ഭവനത്തിലെ ഒരു ഭാഗമായി മാറുന്നതോടെ ഭൗതീക നിലവാരത്തിൽ നിന്നു ആത്മീയ സ്ഥിതിയിലേക്കു മാറുന്നു. നിമിഷം തോറും ദൈവവുമായുള്ള ബന്ധം ഉറപ്പിക്കും. ഞായറാഴ്ച്ച ആരാധനക്കു മാത്രമല്ല, തിങ്കളാഴ്ച്ച ഏതെങ്കിലും ഒരു പ്രശ്നം നേരിട്ടാൽ അതു പരിഹരിക്കുന്നതും നിരാശയെ സഹിഷ്ണുതയോടെ കൈകാര്യം ചെയ്യുന്നതും അധികാരികളെ മാനിച്ചും ദൈവത്തിനു കീഴ്പ്പെട്ടുമായിരിക്കും. എന്റെ വിചാരവും സംസാരവും ക്രിസ്തുവിനോടുള്ള എന്റെ വീക്ഷണമനുസരിച്ചായിരിക്കും. ദിവസന്തോറും ക്രിസ്തുവിനോടുള്ള ബന്ധം അനുസരിച്ചാണു എന്റെ പെരുമാറ്റവും സ്വഭാവവും. എന്റെ മക്കൾ അതു കണ്ടാണു പഠിക്കുന്നതു.

2. ദൈവ സന്നിധിയിലുള്ള ആരാധന എനിക്കു വളരെ വിലപ്പെട്ടതാണ്. അതു കണ്ടു വളരുന്ന എന്റെ കുട്ടികൾ ആരാധനയുടെ മഹത്വം അറിഞ്ഞു വളരും. ആരാധനക്കും ബൈബിൾ ക്ലാസിനും കേൾക്കുന്ന വചനത്തെ പ്രായോഗികമാക്കി തീർക്കുകയായിരിക്കും. ആ ആഴ്ച്ചയിൽ ആത്മീയമായ ഒരു കൂടിവരവിൽ നിന്നും മറ്റൊരു കൂടി വരവുവരെ അവരെ ശക്തരാക്കുന്ന ദൂതാണു കേൾക്കുന്നതു.

✶

## മാനസാന്തരം എന്ന മനോഭാവം

### റിച്ചാർഡ് സി.ഇ.

മാനസാന്തരം എന്ന വാക്കു കേട്ടിട്ടില്ലാത്തവർ ചുരുക്കമായിരിക്കും ദൈവത്തോടു അടുക്കുന്ന ഏതൊരാൾക്കും ഉണ്ടാകേണ്ട ഒരു മനോഗുണമാണതു. എല്ലാസ്ഥലത്തും എല്ലാവരോടും ദൈവം കല്പിക്കുന്നതാണ് മാനസാന്തരം (പ്രവൃത്തി. 17:30). വളരെക്കാലം മുതൽ സ്ത്രീ പുരുഷന്മാർക്കു ഇതു വേണ്ടി വരുന്നു. എല്ലാ മേഖലക

ളിലും മനുഷ്യർ മാറ്റം ദർശിക്കുന്നുണ്ട്. തെറ്റുകൾ പോരായ്മകൾ അകൃത്യങ്ങൾ മനുഷ്യരെ കാർന്ന് തിന്നുകയും മാനസികാവസ്ഥ തരം താഴുകയും ചെയ്യുന്നു. നിയമത്തെ ലംഘിക്കുന്നതിനാണ് ആളുകൾക്കു താല്പര്യം. എന്നിട്ടു വിഷമിക്കുന്നതു കാണാം. മാനസാന്തരം എന്നതു പാപത്തെക്കുറിച്ചുള്ള മനോ വ്യസനമോ ദുഃഖമോ അല്ല (2കൊരിന്ത്യർ 7:10). വെറുമൊരു ജീവിത മാറ്റവും മാനസാന്തരമാകുന്നില്ല; എന്നാൽ അതു ജീവിതത്തിൽ മാറ്റം ഉണ്ടാക്കുന്നതുമാണ്. പഴയ നിമയത്തിലും പുതിയ നിയമത്തിലും ഉപയോഗിച്ചിരിക്കുന്ന ഈ വാക്കു മനുഷ്യമനസിനും ജീവിതത്തിനും ഉണ്ടാകേണ്ട മാറ്റം വ്യക്തമാക്കുന്നു. ദൈവ വിഷയമായ ഒരു വ്യത്യാസം ഇതിൽ അടങ്ങിയിരിക്കുന്നു.

ദൈവം പരമോന്നതനും പാതകരഹിതനുമാണ്. അതുകൊണ്ടു ദൈവത്തിനു മാനസാന്തരം ആവശ്യമില്ല. നമ്മൾ ജഡത്തിലാണു വസിക്കുന്നതു. അതുകൊണ്ടു തെറ്റിൽ നിന്നു ശരിയിലേക്കു മാറേണ്ടതു മനുഷ്യരാണ്. ഒരാളുടെ മനസിൽ ചിന്തിച്ചു ഉറപ്പിക്കുന്നതിനനുസരിച്ചാണ് അയാൾ പ്രവർത്തിക്കുന്നതു. ദൈവത്തിന്റെ മനോഗുണത്തിനു മാറ്റം സംഭവിക്കുന്നില്ല (1ശമുവേൽ 15:29). മനുഷ്യർ തെറ്റായ ദിശയിൽ സഞ്ചരിക്കുമ്പോൾ അതിൽ നിന്നു പിന്തിരിഞ്ഞു ദൈവ വഴിയിലേക്കു മാറണം. ദോഷമുള്ള പ്രവൃത്തികൾ ദുശ്ചിന്തയിൽ നിന്നും ഉടലെടുക്കുന്നതാണ്. അതിക്രമങ്ങളെ മനസിലാക്കി അവർ തങ്ങളുടെ ദുഷിച്ച ജീവിതം മാറ്റി സന്മാർഗ്ഗത്തിലേക്കു തിരിയുമ്പോൾ ദൈവം അവർക്കു വരുത്തുമെന്നു പറഞ്ഞ ശിക്ഷ നടത്താതിരിക്കുന്നു. മാനസാന്തരപ്പെട്ടില്ലെങ്കിൽ അവർക്കു ദൈവം ശിക്ഷ കൊടുക്കാതിരിക്കയില്ല (യിരെമ്യാവ് 26:13). അതാണു ദൈവത്തിന്റെ കൃപയും നീതിയും.

ഇവിടെ ദൈവം അല്ല മാറുന്നതു. ദൈവത്തിന്റെ നീതിക്കു ഒരു നാളും ഭംഗം വരുന്നില്ല. മനുഷ്യർ തിന്മയിൽ നിന്നു നന്മയിലേക്കു മാറുമ്പോൾ അവർക്കു അതിന്റെ ഗുണം ലഭിക്കും. പാപിയെയാണു ദൈവം ശിക്ഷിക്കുന്നത്. പാപം ഉപേക്ഷിച്ചു മാനസാന്തരപ്പെട്ടവർക്ക് ദൈവത്തെ അനുസരിക്കുവാൻ കഴിയും. അവരെ ദൈവം അനുഗ്രഹിക്കും. ദൈവം പറയുന്നതു നോക്കുക. ഇതാ ഞാൻ ഇന്നു അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെക്കുന്നു. ഇന്നു ഞാൻ

നിങ്ങളോടു ആജ്ഞാപിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകൾ അനുസരിക്കാതെ ഇന്നു ഞാൻ നിങ്ങളോടു കല്പിക്കുന്ന വഴിയെ വിട്ടു മാറി നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത അന്യ ദൈവങ്ങളുടെ പിന്നാലെ ചെല്ലുന്നു എങ്കിൽ ശാപവും വരും (ആവർത്തനം 11:26-28). ഒരാൾ അനുഗ്രഹിക്കപ്പെടുന്നത് അയാളുടെ പ്രവൃത്തികളെ ആസ്പദമാക്കിയാണ്. എപ്പോഴെങ്കിലും അയാളുടെ സഞ്ചാര പാത മാറ്റിയാൽ തുടർന്നുണ്ടാകുന്ന കാര്യങ്ങളിലും മാറ്റം സംഭവിക്കും. രക്ഷയും ശിക്ഷയും അത്തരത്തിലുള്ള മാറ്റം അനുസരിച്ചാണു കിട്ടുന്നതു.

മാനസാന്തരപ്പെടുവാനുള്ള ദൈവ കല്പന നിറവേറ്റുവാൻ പ്രയാസമേറിയ ഒന്നായിട്ടല്ല കാണുന്നത്. ഇതു ആവശ്യപ്പെടുമ്പോൾ ദൈവത്തിന്റെ വാസ്തവത്തിലുള്ള ദയയാണ് കാണുന്നത്.ആരും നശിച്ചു പോകണമെന്ന് അവൻ ആഗ്രഹിക്കുന്നില്ല. അല്ല ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്ക് നടത്തുന്നു എന്നു അറിയാതെ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ? (റോമർ 2:4). ഒരാൾ ക്രിസ്ത്യാനിയായി തീരുന്ന അവസരത്തിൽ തന്നെ അവൻ വീണ്ടും ഒരു പാപവും ചെയ്യാത്ത അവസ്ഥയിലേക്കു മാറ്റപ്പെടുകയില്ല എന്നു ദൈവത്തിനറിയാം. ദൈവീക പരിജ്ഞാന പ്രകാരമാണ് ഒരാൾ ദൈവത്തോട് അടുക്കുന്നത് എന്നറിയാമല്ലോ? ജഡത്തിൽ വസിക്കുന്ന മനുഷ്യൻ ലോകത്തിലാണ് വസിക്കുന്നത്. പാപം അവനിൽ കടന്നു വരുവാനുള്ള സകല സാദ്ധ്യതകളും ഉണ്ട്. അതിന്റെ അർത്ഥം വീണ്ടും പാപം ചെയ്തുകൊണ്ടിരിക്കാമെന്നുമല്ല. നാം നമ്മെ യാഥാർത്ഥ്യ ബോധത്തോടെ നോക്കി കാണണം. നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വാഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ലാതെയായി നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മെ ശുദ്ധീകരിപ്പാൻ മതിയായവനും നീതിമാനും ആകുന്നു (1 യോഹന്നാൻ 1:8,9).

ഈ വേദഭാഗത്തു പരാമർശിക്കുന്ന പാപം തുടർന്നു കൊണ്ടിരിക്കുന്ന പാപജീവിതമല്ല. താല്ക്കാലികമായി അറിയാതെ കടന്നു വരുന്ന തെറ്റു നാം ദൈവത്തോടു തുറന്നു പറയണം. നമ്മെത്തന്നെ നിയന്ത്രിക്കാൻ പറ്റാത്ത ചില സാഹചര്യങ്ങളുണ്ട്. അത്തരം ബല

ഹീനതകളെ മൂടിവെക്കാതെ ഏറ്റു പറയണം. ചെയ്യരുതാത്തതും ചെയ്യാതിരിക്കുന്നതുമായ പാപങ്ങൾ ആണല്ലോ നമ്മിൽ ഉണ്ടാകുന്നതു. അവയെ അതിജീവിക്കുക എന്നതു തുടർച്ചയായി ഉണ്ടാകേണ്ട ഒന്നാണ്. അതു വളർച്ചയുടെ ഭാഗമാണ്. വിശ്വസ്തരായ ക്രിസ്ത്യാനികൾ വളർത്തിയെടുക്കേണ്ട മനോഭാവമാണ് മാനസാന്തരം. വചന പരിജ്ഞാനത്തിൽ നാം വളരുന്തോറും മാനസാന്തരം നമ്മുടെ ജീവിതത്തിൽ ഉണ്ടാകും. ദൈവം തുടർച്ചയായി ക്ഷമിക്കുകയും ചെയ്യും. കാരണം ക്രിസ്തു നമുക്കുവേണ്ടി പക്ഷവാദം ചെയ്തുകൊണ്ടിരിക്കും.

മാനസാന്തരപ്പെടുവിൻ എന്നും വീണ്ടും ഒരിക്കലും പാപം ചെയ്യാതിരിക്കയും വേണമെന്നും ദൈവം പറഞ്ഞിരുന്നെങ്കിൽ എന്തു സംഭവിക്കും? നമ്മളെല്ലാം നഷ്ടപ്പെട്ടു പോകും. കൊച്ചുകുട്ടികൾ വൃത്തികേടാക്കിയ വീടു ഒരു സ്ത്രീ വൃത്തിയാക്കുന്നതുപോലെയാണ്. ഒരാൾ ക്രിസ്തുവിലായി തീരുമ്പോൾ സംഭവിക്കുന്നതു ഏതാണ്ടു അതുപോലെയാണ്. അടുക്കും ചിട്ടയുമില്ലാതെ ജീവിതം നയിച്ചിരുന്നവർക്കു അതു മാറ്റി ക്രമവും ചിട്ടയുമായ ജീവിതം നയിക്കുവാനുള്ള അവസരം ലഭിക്കുന്നു. ഹൃദയാന്തർഭാഗത്തെ സകല മാലിന്യങ്ങളേയും തുടച്ചു നീക്കി ശുദ്ധമാക്കുന്നതു കർത്താവാണ്. അതിനായി വികൃതി കാണിക്കുന്നവനെ ഹൃദയത്തിൽ നിന്നകറ്റണം. എങ്കിലേ കർത്താവിനു ശുദ്ധിവരുത്തുവാൻ പറ്റൂ.

പാപത്തെ കുറിച്ചു മനോബോധം വന്ന ഒരു വ്യക്തിയുടെ തീരുമാനം പാപം ഉപേക്ഷിച്ചു നീതിയിലേക്കു തിരിയുക എന്നതായിരിക്കണം. തന്റെ ജീവിതത്തിലെ പോരായ്മകളെ അവൻ കണ്ടെത്തണം. അങ്ങനെ സമയം കഴിയുന്തോറും തന്റെ മനോഭാവത്തേയും സ്വഭാവത്തേയും മാറ്റുവാൻ തുടങ്ങും തന്റെ ഹൃദയവിചാരങ്ങൾ പോലും വളരെ ശ്രദ്ധിക്കും. വായിൽ നിന്നും പുറപ്പെടുന്ന വാക്കുകളും സൂക്ഷിക്കും. ഒരാൾ ഇങ്ങനെ നല്ല ജീവിതത്തിലേക്കു തിരിഞ്ഞു പുരോഗതി പ്രാപിക്കുമ്പോൾ അയാൾക്കു പാപത്തെ അതിജീവിച്ചു മുന്നേറാൻ കഴിയും. ദൈവസഹായമില്ലാതെ നമുക്ക് ഇതിനൊന്നും സാധ്യമല്ല എന്നത് മറക്കാതിരിക്കുക.

✶

# ബൈബിൾ ഉത്തരം നല്കട്ടെ

## റോബർട്ട്. എം.

ദൈവ കൃപ ലഭിക്കുവാനായി മനുഷ്യർ എന്തെങ്കിലും ചെയ്യേണ്ടതായിട്ടുണ്ടോ? ഉണ്ട് എന്നതാണ് യാഥാർത്ഥ്യം. ബൈബിളിൽ അതിനു ധാരാളം തെളിവുകൾ ഉണ്ട്. കൃപ യേശുക്രിസ്തു മൂലമാണു വരുന്നതു. പെന്തെക്കൊസ്തു നാളിലെ പത്രൊസിന്റെ പ്രസംഗ വിഷയം ക്രിസ്തുവായിരുന്നു. ആ പ്രസംഗം കേട്ടവരിൽ ചിലരുടെ ഹൃദയത്തിൽ കുത്തു കൊണ്ടു(പ്രവൃത്തി 2: 37). രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്ന് അവർ അവനോടു ചോദിക്കയുണ്ടായി. അതിനു പരിശുദ്ധാത്മാവിനാൽ നിയോഗിക്കപ്പെട്ട പത്രൊസ്, അവർ എന്തു ചെയ്യണമെന്നു പറയുന്നുണ്ട്. പാപമോചനത്തിനായി അവർ മാനസാന്തരപ്പെട്ടു സ്നാനം ഏല്ക്കുവാനായിരുന്നു പറഞ്ഞതു. പിന്നെയും അവർക്കു ആവശ്യമായ പ്രബോധനം നല്കുന്നുണ്ട്. ഈ വക്രതയുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ എന്നു പറഞ്ഞു (പ്രവൃത്തി 2:10). അനുസരണം അനിവാര്യമാണ്.

ദൈവ കൃപയാലുള്ള രക്ഷക്കു മനുഷ്യർ ഒന്നും ചെയ്യേണ്ടതില്ല എന്നു ചിലർ പഠിപ്പിക്കുന്നുണ്ട്. പ്രവൃത്തികൾ ആവശ്യമില്ല എന്നതാണു അവരുടെ വാദം. യേശു മരിച്ചു: രക്തം ചിന്തി, പ്രായശ്ചിത്തമായി. കൃപയാലുള്ള രക്ഷാപദ്ധതി തയ്യാറാക്കി. എന്നാൽ അതിന്റെ ഫലം മനഷ്യർ അനുഭവിക്കുന്നതു സുവിശേഷം അനുസരിക്കുന്നതിലൂടെയാണു. കർത്താവു ശൗലിനോടു. നീ എഴുന്നേറ്റു പട്ടണത്തിൽ ചെല്ലുക, നീ ചെയ്യേണ്ടുന്നത് അവിടെവെച്ചു നിന്നോടു പറയും എന്നു അവൻ പറഞ്ഞു (പ്രവൃത്തി 9:6). രക്ഷ എന്നതു നേടി എടുക്കാവുന്നതല്ല എന്ന മതപരമായ വാദഗതികൾ ശൗൽ കേട്ടിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? ദൈവ വചനത്തെ കോട്ടി മറിച്ചു കളയുന്നവർ ഇന്നു നിരവധിയാണു. അനന്യാസ് എന്ന സുവിശേഷകൻ ശൗലിനോട്: ഇനി താമസിക്കുന്നതു എന്ത്? എഴുന്നേറ്റു കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു പ്രാർത്ഥിച്ചു സ്നാനമേറ്റു നിന്റെ പാപങ്ങളെ കഴുകിക്കളക എന്നാണ് (പ്രവൃത്തി 22:16). അവൻ അങ്ങനെ തന്നെ ചെയ്തു. ദൈവകല്പനകളെ അനുസരിക്കുവാൻ വിമുഖത കാണിക്കുന്നവർ ഓരോ ഒഴിവുകഴിവുകൾ കണ്ടെ

ത്തും. അതിൽ ഒന്നാണ് ഇതും.

പഴയനിയമ കാലയളവിലും ദൈവത്തെ അനുസരിച്ചവർക്കാണ് ദൈവം അനുഗ്രഹങ്ങൾ നല്കിയതു. പിതാക്കന്മാരുടെ കാലത്തു നടന്നതെല്ലാം തെളിയിക്കുന്നതു അതാണ്. യോശുവയോടു ദൈവം അരുളിചെയ്തതു:"ഞാൻ യെരിഹോവിനേയും അതിന്റെ രാജാവിനേയും യുദ്ധ വീരന്മാരെയും നിന്റെ കയ്യിൽ ഏല്പിച്ചിരിക്കുന്നു" (യോശുവ 6:2). വീണ്ടും കല്പിച്ചതു: നിങ്ങളിൽ യോദ്ധാക്കളായ എല്ലാവരും ഒരുവട്ടം ചുറ്റി നടക്കേണം. ഇങ്ങനെ ആറു ദിവസം ചെയ്യേണം. ഏഴാം ദിവസം ഏഴുപ്രാവശ്യം ചുറ്റുകയും പുരോഹിതന്മാർ കാഹളം ഊതുകയും ചെയ്യണം. ദൈവം കൊടുത്തതായ ആ ദേശം അവർ കൈവശപ്പെടുത്തുവാൻ ദൈവ നിർദ്ദേശങ്ങൾ അവർ പാലിക്കണമായിരുന്നു. ദൈവം ചെയ്യുവാൻ പറഞ്ഞതു അവർ ചെയ്തപ്പോൾ അവർക്കു പട്ടണം ലഭിച്ചു. അതു പിടിച്ചെടുക്കുവാൻ അവരുടെ കഴിവുപയോഗിക്കേണ്ടിവന്നില്ല. അവരുടെ യോഗ്യത കൊണ്ടു നേടിയതായിരുന്നില്ല പട്ടണം. അതിൽ പ്രവേശിക്കുവാൻ ദൈവമാണ് അവർക്കു വേണ്ടി പ്രവർത്തിച്ചതു. ദൈവം പറഞ്ഞതിൽ അവർക്കു വിശ്വാസം ഉണ്ടായിരുന്നു. അതു കൊണ്ട് അവർ അനുസരിച്ചു. അനുസരിച്ചതുകൊണ്ടു ദൈവ വാഗ്ദാനം അവർക്കു കിട്ടി. ഞങ്ങൾ അതു നേടി എന്നു പ്രശംസിച്ചു പറയാൻ ഒന്നുമില്ല. അർഹതയില്ലാതെ അവർക്കു അതു അനുഭവിക്കാൻ സാധിച്ചു എന്നു മാത്രം.

അതുപോലെ ഇന്നും രക്ഷ നേടി എടുക്കാൻ ആർക്കും സാദ്ധ്യമല്ല. സ്വപ്രയത്നമോ, സൽപ്രവൃത്തിയോ നോക്കിയല്ല ദൈവം ആത്മാക്കളെ രക്ഷിക്കുന്നതു. നമ്മുടെ സൽപ്രവൃത്തികൾ ദൈവ മുൻപാകെ ഒന്നുമല്ല. കൃപയാൽ ദൈവം വെച്ചിരിക്കുന്നതു അനുസരണത്താൽ മാത്രമെകിട്ടുന്നുള്ളു. വിശ്വാസം മാത്രം മതി എന്ന ചിന്താഗതിക്കാരുണ്ട്. പക്ഷെ വിശ്വാസം കൊണ്ടു പ്രയോജനമില്ല. വിശ്വാസം പൂർണ്ണമാകുന്നതു അതിനനുസരിച്ചുള്ള ക്രിയ കൂടെ നടക്കുമ്പോഴാണ് (യാക്കൊബ് 2:21-23). അബ്രഹാം വിശ്വാസികളുടെ പിതാവായി തീർന്നു. അബ്രഹാം ദൈവത്തിന്റെ സ്നേഹിതനായി മാറിയതു ദൈവത്തെ അനുസരിച്ചപ്പോഴാണ്. നോഹ പെട്ടകത്തിൽ കയറി രക്ഷ പ്രാപിച്ചതായി നാം വായിക്കുന്നുണ്ട്. പെട്ടകത്തിൽ

കയറുന്നതിനു മുൻപു അവൻ പ്രസംഗിക്കുകയും പെട്ടകം ഉണ്ടാക്കുവാൻ ലഭിച്ച കല്പന അനുസരിക്കയും ചെയ്തു. ദൈവത്തിന്റെ ആജ്ഞ വിശ്വസിക്കാതിരുന്നവരും മരിച്ചുപോയി. നോഹ ദൈവത്തെ അനുസരിച്ചതുകൊണ്ട് അവനും കുടുംബവും ദൈവത്താൽ രക്ഷിക്കപ്പെട്ടു.

പുതിയ നിയമം പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് യോഹന്നാൻ സ്നാപകൻ മരുഭൂമിയിൽ പ്രസംഗിച്ചു ദൈവ സന്ദേശം അറിയിച്ചു. അവനും അനുസരണമുള്ളവനായിരുന്നു. മാനസാന്തരസ്നാനം പ്രസംഗിക്കയും ആളുകൾ അതനുസരിക്കയും ചെയ്തു. ദൈവ പുത്രനായിരുന്നിട്ടുപോലും യേശു യോഹന്നാനാൽ സ്നാനമേറ്റു. മരണത്തോളം അവൻ അനുസരണമുള്ളവനായി തീർന്നതു നമ്മെ രക്ഷിക്കുന്നതിനു വേണ്ടിയായിരുന്നു. അവൻ നമുക്കു ഒരു മാതൃകയാണ്. ഒന്നും ചെയ്യാതെ ഇരുന്നാൽ ദൈവകൃപ തനിയെ വരികയില്ല. യേശു മനുഷ്യർക്കു വേണ്ടി കഷ്ടതയനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു. മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു: സ്വർഗ്ഗാരോഹണം ചെയ്തു. അതൊരു പാപപരിഹാര യാഗമായി തീർന്നു. പക്ഷെ ഓരോ സ്ത്രീയും പുരുഷനും ആ യാഗത്തോടു ബന്ധപ്പെടുവാനുള്ള കല്പനകൾ ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. ആ കല്പനകൾ സകല മനുഷ്യർക്കും ബാധകമാണ്.

ആദ്യമായി ആളുകൾക്കു വിശ്വാസം വേണം. വിശ്വാസം ദൈവത്തിലും അവന്റെ പുത്രനായ ക്രിസ്തുവിലും ആയിരിക്കണം. വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കാൻ സാദ്ധ്യമല്ല. ഇന്നു ഒരാൾക്കു വിശ്വാസം വരേണ്ടതു വചന കേൾവി മുഖാന്തരമാണ്. വചനം മുഖാന്തരമല്ലാത്ത വിശ്വാസം ശരിയായ വിശ്വാസമല്ല (റോമർ 10:17). സകല മനുഷ്യരും പാപികളാണ്. പാപം ചെയ്യാത്തവരായി ആരുമില്ല. വചനം കേൾക്കുമ്പോൾ ഒരാളിൽ കുറ്റബോധം ജനിക്കും. അങ്ങനെ അയാൾ അതിൽ നിന്നു പിന്തിരിയണം. മനസിൽ തീരുമാനമെടുത്തു പ്രവൃത്തിയിൽ അത് കൊണ്ടുവരണം. അതാണു ബൈബിൾ പറയുന്ന മാനസാന്തരം. മാനസാന്തരത്തിൽ നിന്നു ആർക്കും ഒഴിഞ്ഞു മാറാവുന്നതല്ല. കാരണം മാനസാന്തരപ്പെടാഞ്ഞാൽ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊസ് 13:3). യേശുക്രിസ്തുവിനെ മനുഷ്യരുടെ മുമ്പിൽ ഏറ്റുപറ

യുവാനും കല്പിച്ചിട്ടുണ്ട് (മത്തായി 10:32). പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ, പാപമോചനത്തിനായി ഓരോരുത്തരും സ്നാനം ഏല്ക്കുകയും വേണം (മത്തായി 28:18 -20), ഇതു യേശുക്രിസ്തുവിന്റെ യാഗത്തോട് ബന്ധപ്പെടുവാനാണ്. സ്നാനത്താലാണു ഒരാൾ ക്രിസ്തുവിനോടു ചേരുന്നത്. അതൊരു സൽപ്രവൃത്തിയല്ല. യോഗ്യതാക്രിയയുമല്ല. മറിച്ചു അനുസരണമാണ്; കൃപ ആസ്വദിക്കാനുള്ള ദൈവീകമായ ഉപാധിയാണ്.

✶

# ക്രിസ്തുവിനെ ധരിക്കൽ

## തോമസ്

കർത്താവായ യേശുക്രിസ്തുവിനെത്തന്നെ ധരിച്ചു കൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിനായി ചിന്തിക്കരുതു (റോമർ 13: 14).

എന്തൊരു അത്ഭുതകരമായ മുന്നറിയിപ്പാണു അതെന്നു ചിന്തിച്ചു നോക്കുക. ഒരു വ്യക്തി എങ്ങനെയാണു മറ്റൊരു വ്യക്തിയെ ധരിക്കുന്നതു? അതിലേക്കു നാം പിന്നീടു വരുന്നുണ്ട്. ഇപ്പോൾ ലളിതമായ ഉദാഹരണം പരിശോധിക്കാം.

ഉദാഹരണമായി, സ്ത്രീകളും പുരുഷന്മാരും വസ്ത്രം ധരിക്കാറുണ്ടല്ലോ. ഒരാൾ വസ്ത്രം ധരിക്കുമ്പോൾ എന്താണ് സംഭവിക്കുന്നത്?

അയാളുടെ ലജ്ജ നീങ്ങിപ്പോകുന്നു. കാരണം നഗ്നത മറയുന്നു. വസ്ത്രം ആ വ്യക്തിക്കു ഒരു ആവരണമാണ്.

മാന്യമായ വസ്ത്ര ധാരണം മറ്റുള്ളവർക്കു മുന്നിൽ പ്രത്യക്ഷപ്പെടുവാൻ ധൈര്യം പകരുന്നു.

അലക്ഷ്യമായ വസ്ത്രധാരണം മറ്റുള്ളവർ സ്വീകരിക്കയില്ല. അല്ലെങ്കിൽ മറ്റുള്ളവരുടെ മുൻപിൽ അവഹേളന പാത്രമാകും.

നമ്മുടെ ഉദാഹരണത്തിൽ കണ്ടതു മാന്യമായ വസ്ത്രം ധരി

ക്കുന്ന ആളെ സമൂഹം അംഗീകരിക്കും, അങ്ങനെയുള്ളവർക്ക് മറ്റുള്ളവരെ നേരിടുവാനും കഴിയും. അതു വാസ്തവമാണ്. ഒരാൾക്കു താൻ നഗ്നനാണെന്ന ബോധ്യം ഉണ്ടെങ്കിലേ വസ്ത്രം ധരിക്കേണ്ട ആവശ്യകത വരുന്നുള്ളു. തന്നെയുമല്ല, മറ്റുള്ളവരുടെ മുൻപിൽ താൻ എങ്ങനെ ആയിരിക്കണം എന്ന തിരിച്ചറിവും ഒരാളിൽ വേണം. കീറിയ വസ്ത്രമോ, നഗ്നത പൂർണ്ണമായി മറയാത്തതോ ആയവ മറ്റുള്ളവരുടെ മുൻപിൽ പരിഹാസ്യമാകും എന്ന തോന്നലും ഉണ്ടാകണം.

ആത്മീയ ഗോളത്തിലും ഇതു വാസ്തവമാണ്. ദൈവഭയമില്ലാതെ ജീവിക്കുന്ന മനുഷ്യർ അപൂർണ്ണരും നഗ്നരുമാണ്. യെശയ്യാവു പറയുന്നതു: എല്ലാവരും അശുദ്ധനെപോലെ ആയിതീർന്നു: ഞങ്ങളുടെ നീതി പ്രവർത്തികൾ ഒക്കെയും കറ പുരണ്ട തുണിപോലെ (യെശയ്യാവ് 64:6). ദൈവ കല്പനകളെ മാറ്റി നിർത്തിയിട്ടു സ്വന്ത നീതിയിൽ ആശ്രയിച്ചു ജീവിക്കുന്നവർ ധാരാളമുണ്ട്. ദൈവത്തിന്റെ ആവശ്യകതയെ കുറിച്ചു അറിവില്ലാത്തവരാണു അവർ. അജ്ഞതയാണ് അവരെ ആത്മീയ നഗ്നരാക്കി മാറ്റുന്നതു. മനുഷ്യരുടെ അകൃത്യങ്ങൾ അവരെ കാറ്റുപോലെ പറപ്പിക്കയും ചെയ്യുന്നു. അതുകൊണ്ടു നാം ശരിയായി വസ്ത്രം ധരിക്കണം എന്ന കാര്യത്തിൽ സംശയമില്ല.

ദൈവം ഒരുക്കിയിരിക്കുന്ന വസ്ത്രമാണു എല്ലാവരും ധരിക്കേണ്ടതു. ഓരോരുത്തർക്കും ഓരോ ഇഷ്ടം ആയിരിക്കും ഉള്ളത്. എന്നാൽ ആ ഇഷ്ടാനിഷ്ടങ്ങളെ മാറ്റിനിർത്തി ദൈവത്തെ പ്രസാദിപ്പിപ്പാൻ അനുയോജ്യമായ വസ്ത്രം നാം ധരിക്കണം. കാലവും ലോകവും ആരംഭിക്കുന്നതിനു മുമ്പ് തന്നെ ദൈവ മനസിലുണ്ടായിരുന്ന വസ്ത്രമാണ് നമുക്ക് ഉചിതമായതു. നമ്മെ സൃഷ്ടിച്ച സൃഷ്ടി കർത്താവിന്റെ മുമ്പിൽ നാം മനോഹാരിതർ ആയിരിക്കണം. ധരിക്കുന്നവർക്കു അതു മുലം സന്തോഷം പകരുകയും ചെയ്യും എന്നതാണ് ദൈവ വസ്ത്രത്തിനുള്ള പ്രത്യേകത. ക്രിസ്തുവിന്റെ ഭാവം തന്നെയാണ് നമ്മിൽ ഉണ്ടാകേണ്ടത്. അതായത് അതേ മനോഭാവം തന്നെ എല്ലാവരിലും കാണുവാനാണ് ദൈവം ആഗ്രഹിക്കുന്നത്.

✶

# വാർത്തകൾ

## കൊങ്കണിൽ വീണ്ടും പാറയിടിഞ്ഞു.

കൊങ്കൺ പാതയിൽ പാറക്കെട്ട് ഇടിഞ്ഞ് വീണ്ടും ഗതാഗതം മുടങ്ങി. ദിവസങ്ങളോളം മുടങ്ങിയ ട്രെയിൻ ഗതാഗതം പുനരാരംഭിച്ച് പത്തു മണിക്കൂർ പിന്നിടും മുൻപായിരുന്നു അപകടം.

✶

## കൂട്ടപീഡന കേസ്:
## പ്രതികൾ പോലീസ് കസ്റ്റഡിയിൽ

ഇരുപത്തിരണ്ടുകാരിയായ യുവതിയെ തട്ടിക്കൊണ്ടുപോയി കൂട്ടപീഡനത്തിനു വിധേയമാക്കിയ കേസിലെ മൂന്നു പ്രതികളെ പൂന്തുറ പോലീസിന്റെ കസ്റ്റഡിയിൽ വിട്ടു.

✶

## അതിർത്തി തർക്കം:
## അമ്മക്കും മകനും പരുക്ക്

അതിർത്തി തർക്കത്തെ തുടർന്നുള്ള സംഘർഷത്തിൽ ഗവ. പ്രസ് ജീവനക്കാരി ആനയറ തോപ്പിൽ ലെയിനിൽ ആർ. ലതാകുമാരിക്കും മകൻ വിനോദിനും പരുക്ക്.

✶

## തപാൽ കണ്ടെടുത്തു.

കൊലപ്പെടുത്താൻ ശ്രമിച്ച കേസുമായി ബന്ധപ്പെട്ട് അറസ്റ്റിലായി ജയിലിൽ കഴിയുന്ന പോസ്റ്റ്മാന്റെ വീട്ടിൽ നിന്നും ആറുമാസത്തോളം പഴക്കമുള്ള, വിതരണം ചെയ്യാത്തതപാൽ ഉരുപ്പടികൾ പൊലീസ് കണ്ടെടുത്തു.

✶

**Watch!**

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## 10 രൂപവരെ പുതിയ നാണയങ്ങൾ ഉടൻ

അൻപതു പൈസാമുതൽ പത്തു രൂപാവരെ മൂല്യമുള്ള പുതിയ നാണയങ്ങൾ ഉടൻ പുറത്തിറക്കുമെന്നു റിസർവ്വ് ബേങ്ക് അറിയിച്ചു.

★

## ഇഴയുന്നു പദ്ധതികൾ

വൻകിട റോഡ്, റയിൽ വൈദ്യുതി പദ്ധതികൾ ഇഴഞ്ഞു നീങ്ങുന്നതു വഴി രാജ്യത്തിനുണ്ടാകുന്ന നഷ്ടം കണ്ണുതള്ളിക്കുന്നതാണെന്ന് കേന്ദ്ര റിപ്പോർട്ട്.

★

## ഉടമക്കെതിരെ കേസ്

ഏഴാംമൈലിലെ ചിപ്സ് നിർമാണശാലയിൽ ബാലവേലയ്ക്ക് നിയോഗിക്കപ്പെട്ട് ക്രൂരമായി പീഢിപ്പിച്ചു എന്ന പരാതിയിൽ സ്ഥാപന ഉടമയ്ക്കെതിരെ പൊലീസ് കേസെടുത്തു.

★

## വിമാനത്താവള വികസനം

കരിപ്പൂർ രാജ്യാന്തര വിമാനത്താവളം നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് നാളെ സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറൽ ഇ.കെ.ഭരത്ഭൂഷൺ, എയർപ്പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ചെയർമാൻ വി.പി. അഗർവാൾ എന്നിവരുടെ നേതൃത്വത്തിൽ ചർച്ച നടന്നു.

★

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 August**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/09-11
Licensed to post without prepayment No. KL / TV (N) / WPP/40/2009 -11

*Join us to worship God in Spirit and Truth*
*The*

**CHURCH OF CHRIST**

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378